# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1928 17.12.2012 ലെ മറുപടിക്ക്

### കണ്ണൂർ വിമാനത്താവള നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് കേന്ദ്രവ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചത് ഏത് ഉത്തരവ് പ്രകാരമാണ്; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര വ്യോമയാന വകുപ്പിന്റെ 19.02.2008 ലെ F.No.AV-20035/05/97-VB നമ്പർ കത്ത് മുഖേനയാണ് കണ്ണൂർ വിമാനത്താവളത്തിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചത്.ടി കത്തിന്റെ പകർപ്പ് അനുബന്ധം 1 ആയി വച്ചിരിക്കുന്നു. |
| (ബി) | കണ്ണൂർവിമാനത്താവള നിർമ്മാണത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചത് എപ്പോഴാണ്; വ്യക്തമാക്കുമോ; | (ബി) യും (സി) യും | കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചത് 10.2.2012 ന് കൂടിയ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ യോഗത്തിന്റെ മിനിട്ട്സ് പ്രകാരമാണ്. മിനിട്ട്സിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധം 2-ായി വച്ചിരിക്കുന്നു. |
| (സി) | മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | | |
| (ഡി) | പ്രതിരോധ മന്ത്രാലയത്തിന്റെയും കേന്ദ്രറവന്യൂ വകുപ്പിന്റെയും അനുമതി, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷന്റെ സെക്യൂരിറ്റി ക്ലിയറൻസ് എന്നിവ ഏതു ഘട്ടത്തിലാണ് ലഭിക്കേണ്ടത്; പ്രസ്തുത ക്ലിയറൻസുകൾ ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ ? | (ഡി) | കേന്ദ്രപ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി അവരുടെ 28.9.2012 ലെ കത്തു പ്രകാരം അടുത്ത അഞ്ചു വർഷത്തേയ്ക്ക് പുതുക്കി ലഭിച്ചിട്ടുണ്ട്. കേന്ദ്ര റവന്യൂ വകുപ്പിന്റെ ( കസ്റ്റംസ്) അനുമതി നിർമ്മാണ ഘട്ടത്തിലാണ് ലഭിക്കേണ്ടത്. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ നിർദ്ദിഷ്ട വിമാനത്താവളത്തിനുള്ള സൈറ്റ് ക്ലിയറൻസ് 17.8.2012 ന് ലഭിച്ചു. ഇതിനെ തുടർന്ന് ബ്യൂറോ ഓഫ് സിവിൽ ഏവിയേഷന്റെ സെക്യൂരിറ്റി ക്ലിയറൻസ് ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ